**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കിന്റർ ഗാർഡൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എത്ര കിന്റർ ഗാർഡൻ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 9 കിന്റർ ഗാർട്ടനുകൾ പ്രവർത്തിച്ചിരുന്നു. 2022-23 അദ്ധ്യയന വർഷം മുതൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കിന്റർ ഗാർട്ടനുകൾ, വികാസ് വാടികൾ/ ബാലവാടികൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ, പെരിപ്പതെറ്റിക് സ്കൂളുകൾ, നഴ്സറി സ്കൂളുകൾ, തുടങ്ങിയ 31 പ്രീ-പ്രൈമറി സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് മോഡൽ പ്രീ സ്കൂൾ എന്ന് നാമകരണം ചെയ്ത് പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഈ സ്ഥാപനങ്ങളിൽ ആകെ ജോലി ചെയ്യുന്നവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ടി സ്ഥാപനങ്ങളിൽ ഒരു ടീച്ചറും, ഒരു ആയയുമാണ് ജോലി ചെയ്തുവന്നിരുന്നത്. |
| (സി) | ഇതിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കാമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 31 മോഡൽ പ്രീ-സ്കൂളുകളിലായി 23 സ്ഥിരം ജീവനക്കാരും 39 താൽക്കാലിക ജീവനക്കാരുമാണ് പ്രവർത്തിച്ചു വരുന്നത്. |
| (ഡി) | താൽക്കാലിക ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്നറിയിക്കുമോ? | (ഡി) | താൽക്കാലിക ജീവനക്കാരുടെ ശമ്പള വർദ്ധനവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ